**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2683** **06-10-2025 - ൽ മറുപടിയ്ക്ക്**

**ഖാദി വ്യവസായ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗത വ്യവസായമായ ഖാദി വ്യവസായത്തെ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടി ലക്ഷ്യത്തിലേക്കെത്തുന്നുണ്ടോ; വിശദമാക്കാമോ; | (എ) | **ഉണ്ട്, സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയായ ഖാദി മേഖലയെ കാലാനുസൃതമായി നവീകരിച്ചും വൈവിധ്യവത്കരിച്ചും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ചും ഖാദി മേഖലയുടെ പ്രവർത്തനം വിലയിരുത്തി ഖാദി മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഖാദി ബോർഡ് സ്വീകരിച്ച് വരുന്നു. ഖാദി മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി.യെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാന ത്തിൽ ഖാദി മേഖലയിലെ തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കു ന്നതിനുമായി ചർക്കകളിലും തറികളിലും സാദ്ധ്യമാകുന്ന നവീകരണം നടത്തുന്നതിനായി മദ്രാസ് IITയിലെ RuTAG (Rural Technology Action group) വിഭാഗത്തെ ചുമതലപ്പെടുത്തുകയും Ru-Tagടീം പ്രൊഡക്ഷൻ യൂണിറ്റുകൾ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും തുടർ പഠനങ്ങൾക്കായി തിരുവനന്തപുരം പ്രോജെക്ടിൽ നിന്നും രണ്ട് സാമ്പിൾ ചർക്കകൾ കൊണ്ടുപോയി പഠനം നടത്തുകയും ചെയ്തു. തുടർന്ന് പ്രൊഡക്ഷൻ യൂണിറ്റുകൾ സന്ദർശിച്ച് നിലവിലെ പ്രവർത്തന സാഹചര്യങ്ങളിൽ അവലംബിക്കേണ്ട Ergonomic Study Methodനു വേണ്ടി തൊഴിലാളികളിൽ നിന്നും Motion Capture Analysis and Clinical Assesmentസംബന്ധിച്ച വിവരം ശേഖരിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവ സരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉല്പാദനവും കൂലിയും** |

| | | | |
|---|---|---|---|
| | | | ലഭിക്കുന്ന തരത്തിൽ ഖാദി നൂല്പ്/നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിനും, ഗുണനിലവാരം ഉറപ്പുവരുത്തി ഖാദി വസ്ത്രമേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ഖാദി മേഖല ആധുനികവത്ക്കരി ക്കുന്നതിനും നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി ഡ്യൂവൽ ഡ്രിവൻ മെക്കാനിസമുള്ള ചർക്കകൾ പുറത്തിറക്കി ആയത് വിജയകരമായി പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഖാദിയുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. ഖാദിയുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനായി ഷോറൂമുകളുടെ നവീകരണം നടത്തി. ഷോറൂം സെയിൽസ് കൂടാതെ വിവിധ സ്ഥാപനങ്ങൾ, സ്റ്റാഫിന്റെ കൂട്ടായ്മ ഇവ വഴി bulk ആയി വില്പന നടത്തുന്നു. ഗുരുവായൂർ ക്ഷേത്രം, ഇന്ത്യൻ അസോസിയേഷൻ-ഷാർജ മുതലായ സ്ഥാപനങ്ങൾ ഖാദി തുണിത്തരങ്ങൾ Bulk ആയി വാങ്ങുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം എറണാകുളം സെന്റ് തെരേസ കോളേജിലെ ഫാഷൻ ഡിസൈനിംഗ് വിഭാഗവുമായി സഹകരിച്ച് സംഘടിപ്പിച്ച സ്വദേശി 2.0 എന്ന ഫാഷൻ ഷോയിൽ കരുമാലൂർ ഖാദി സാരിയും അഭിഭാഷക കോട്ടും വിപണിയിലിറക്കി. ഖാദി ഉല്പന്നങ്ങളുടെ വിപണി വിപുലീകരിക്കുക എന്ന ലക്ഷ്യത്തോടെ Adhriit എന്ന സ്ഥാപനം KHADI TRENDS AND VIBES എന്ന പേരിൽ പുതിയ മാർക്കറ്റിംഗ് രീതി അവതരിപ്പിച്ചു. നിലവിൽ ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള ഉല്പാദന കേന്ദ്രങ്ങളിൽ നിർമ്മിക്കാത്ത ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് കസ്റ്റമെയ്സ് ചെയ്ത് നൽകുന്നതിന് ലക്ഷ്യമിട്ട് ടി കമ്പനിയുമായി ചേർന്ന് ധാരണ പത്രം ഒപ്പുവച്ചിട്ടുണ്ട്. പുതുതലമുറയെ ആകർഷിക്കത്തക്ക വിധത്തിൽ റെഡിമെയ്ഡ് വസ്ത്രങ്ങളുടെ വൈവിധ്യവത്കരണത്തിന് ആധുനിക രീതിയിലുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ നെയ്ത് വിപണിയിലിറക്കി. റെഡിമെയ്ഡ് ഉത്പന്നങ്ങളിലേയ്ക്കുള്ള വൈവിദ്ധ്യ വത്ക്കരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഫാഷൻ ഡിസൈനർമാരെ നിയോഗിച്ചു. പാപ്പിലിയോ എന്ന നാമകരണത്തിൽ ഖാദിയുടെ വൈവിദ്ധ്യമാർന്ന റെഡിമെയ്ഡ് ഷർട്ടുകൾ, ചുരിദാർ ടോപ്പുകൾ, കുഞ്ഞുടുപ്പുകൾ, ജൂബ്ബകൾ എന്നിവയും ഖാദി കസവ് സാരികൾ, കസവ് സെറ്റുമുണ്ട്, പ്രകൃതിദത്ത സ്രോതസ്സുകളിൽ നിന്ന് വേർതിരിച്ചെടുക്കുന്ന ചായം ഉപയോഗിച്ച് നിർമ്മിക്കുന്ന പ്രകൃതിദത്ത നിറമുള്ള "നാച്ചറൽ സ്കിൻ കെയർ" ഖാദി വസ്ത്രങ്ങൾ, രണ്ടായിമടക്കി ഉപയോഗി ക്കാവുന്ന "സുഷുപ്തി" എന്ന പേരിലുള്ള പഞ്ഞിമെത്ത, |

| | | | |
|---|---|---|---|
| | | | **"ആകർഷണി" ബ്രാന്റിൽ ഖാദി നൂല് കൊണ്ട് നിർമ്മിച്ച ആഭരണങ്ങൾ എന്നിവ വിപണിയിലിറക്കി.** |
| (സി) | പുതിയ ഡിസൈനുകളിൽ ട്രെയിനിംഗ് ലഭിച്ചിട്ടുള്ള തൊഴിലാളികൾ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | പുതിയ ഡിസൈനുകളിൽ തൊഴിലാളികൾക്ക് ട്രെയിനിംഗ് നൽകി ഖാദി ബോർഡിന്റെ ഉല്പാദന കേന്ദ്രത്തിൽ തന്നെയാണ് ഉല്പാദനം നടത്തുന്നത്. കരുമാല്ലൂർ ഖാദി ഉല്പാദന കേന്ദ്രത്തിൽ ഖാദി - ഡിജിറ്റൽ പ്രിന്റഡ് കോട്ടൺ സാരി 'കരുമാല്ലൂർ സാരി 'എന്ന പേരിൽ നിർമ്മിച്ചു തുടങ്ങി. കുന്നുകര യൂണിറ്റിൽ നിന്ന് പാപ്പിലിയോ എന്ന ബ്രാന്റിൽ കുഞ്ഞുടുപ്പുകൾ വിപണി യിലിറക്കി. പാപ്പിനിശ്ശേരിയിൽ ജക്കാർഡ് ഉപയോഗിച്ച് വീവിംഗ് നടക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജി, KVIC-നടുത്തറ എന്നിവിടങ്ങളിൽ ട്രെയിനിംഗ് നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ